നേരിയമംഗലം, കോട്ടയം, ഇരിഞ്ഞാലക്കുട, ചാലടി, ആലുവാ, പെരുമ്പാവൂർ, തേവര, അനന്തപുരം, അഴീക്കോട്ട്, ഇടവിലങ്ങ്, പറവൂർ, മട്ടാഞ്ചേരി, കൊടുങ്ങല്ലൂർ, പള്ളുരുത്തി, അന്തൂർ ഈ സ്ഥലങ്ങളിൽ ഭവനനിർമ്മാണപദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഏകദേശം നാലു വർഷമായി.

സാമൂഹ്യപ്രവർത്തനങ്ങളിൽ ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർ.

443. [16] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണപ്രസ്ഥാനങ്ങളിലല്ലാതെ മറ്റു സാമൂഹ്യപ്രവർത്തനാദികളിൽ പങ്കെടുക്കുന്നതിനു് എത്ര ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാരെ അനുവദിച്ചിട്ടുണ്ട്;

(ബി) അങ്ങിനെ അനുവാദം വാങ്ങാതെ പ്രവർത്തിക്കുന്ന എത്ര പേരെപ്പറ്റിച്ചു് പരാതികൾ ലഭിച്ചിട്ടുണ്ട്; അയച്ചിട്ടുള്ള പരാതികൾ പൊതുജനങ്ങളുടെയൊ വ്യക്തികളുടെയോ;

(സി) അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ഇല്ലെങ്കിൽ അതിനു് കാരണമെന്താണെന്നു് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഗവണ്മെൻറ് ജീവനക്കാരുടെ നടപടിചട്ടങ്ങൾ അനുസരിച്ചു് പ്രതിഫലത്തോടുകൂടിയല്ലാതെയുള്ള സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനു അനുവാദം ആവശ്യമില്ല. പ്രതിഫലത്തോടുകൂടി സാമൂഹ്യപ്രവർത്തനം നടത്തുന്നതിനു് ആകട്ടെ അനുവാദം കൊടുത്തിട്ടില്ല.

(ബി) ഒരാളെപ്പറ്റിച്ചു് പരാതി ലഭിച്ചിട്ടുണ്ട്. ഒരു വ്യക്തിയുടെ പരാതിയാണു്.

(സി ആൻഡ് ഡി) അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

Colonisation Scheme.

444. [17] SHRI K. SATTANATHA KARAYALAR: Will the Minister for Local Self Government be pleased to state:

(*a*) the amount expended by Government under (1) Colonisation (2) Settlement and (3) Housing Schemes respectively during this year;

(*b*) how many houses have been built under these schemes in the above period; and

(*c*) what contribution if any has been received from the Central Government?

Minister for Local Self Government (SHRI K. KOCHUKUTTAN): (*a*) 1. Colonisation Scheme: Nil.

2. Settlement Scheme: Rs. 50,050-6-6.

LIBRARY ARCHIVES Kerala Legislative Assembly